## പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

## നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ- 5009. 06-02-2014-ൽ മറുപടിക്ക്

## ചട്ടം ഭേദഗതി ചെയ്യുന്നതിനുള്ള നടപടിക്രമം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എം. ചന്ദ്രൻ<br>" ബി.സത്യൻ<br>" കെ. കുഞ്ഞമ്മത് മാസ്റ്റർ<br>" ജെയിംസ് മാത്യു | ശ്രീ. ഉമ്മൻ ചാണ്ടി,<br>(ബഹു.മുഖ്യമന്ത്രി ) |

| | | |
|---|---|---|
| (എ) | സംസ്ഥാനത്ത് നിലവിലുള്ള ഒരു ചട്ടം ഭേദഗതി ചെയ്യുന്നതിനുള്ള നടപടിക്രമം എന്താണ് ; വിശദമാക്കാമോ ; | നിലവിലുള്ള ഏതെങ്കിലും ചട്ടം ഭേദഗതി ചെയ്യുന്നതിന് ബന്ധപ്പെട്ട ഭരണ വകുപ്പ് നയപരമായ തീരുമാനം കൈക്കൊണ്ടതിനു ശേഷം ധനപരമായി ചെലവു വരുന്നവ ധനകാര്യവകുപ്പുമായും സർവ്വീസ് ചട്ടങ്ങൾ ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പുമായും കൂടിയാലോചിച്ച് ഭേദഗതി ചട്ടത്തിന്റെ കരട് തയ്യാറാക്കി നിയമ വകുപ്പിന്റെ സൂക്ഷ്മ പരിശോധനക്ക് അയക്കുന്നു. നിർദ്ദിഷ്ട ഭേദഗതി ബന്ധപ്പെട്ട ആക്റ്റിലെ വ്യവസ്ഥകൾക്കനു സൃതമാണോയെന്ന് നിയമ വകുപ്പ് പരിശോധിച്ച ശേഷം കരടിൽ ആവശ്യമായ തിരുത്തലുകൾ വരുത്തി ഭരണ വകുപ്പിന് കൈമാറുന്നു. നിയമന, സേവന വ്യവസ്ഥകൾ സംബന്ധിച്ച സർവ്വീസ് ചട്ടങ്ങളുടെ വിഷയങ്ങളിൽ കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ ഉപദേശവും തേടേണ്ടതുണ്ട്. ഭരണ വകുപ്പ് ചട്ടം ഭേദഗതി ചെയ്യുന്നതിന് കാരണങ്ങൾ വിശദീകരിക്കുന്ന ഒരു കുറിപ്പ് സഹിതം കരട് ഭേദഗതി ചട്ടങ്ങൾ സബ്ജക്റ്റ് കമ്മിറ്റി മുമ്പാകെ സമർപ്പിക്കുന്നതിലേയ്ക്കായി നിയമസഭാ സെക്രട്ടേറിയറ്റിലേയ്ക്ക് അയക്കുന്നു. സബ്ജക്റ്റ് കമ്മിറ്റിയുടെ അംഗീകാരത്തോടെ ഭേദഗതി ചട്ടങ്ങൾ ഗസറ്റിൽ വിജ്ഞാപനമായി പ്രസിദ്ധീകരിക്കുന്നു. സർവ്വീസ് സംബന്ധമായ സ്പെഷ്യൽ ചട്ടങ്ങൾ ഭേദഗതി ചെയ്യുന്നതിന് 2010 ജൂലൈ 19 ലെ 11884/R1/2007/P&ARD നമ്പർ സർക്കുലറിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. അത്തരം സ്പെഷ്യൽ ചട്ടങ്ങളിലെ ഭേദഗതികളും സബ്ജക്റ്റ് കമ്മിറ്റിയുടെ അംഗീകാരത്തോടെയാണ് ഗസറ്റ് വിജ്ഞാപനമായി പ്രസിദ്ധീകരിക്കുന്നത്. പൊതു |

| | | |
|---|---|---|
| | | താൽപ്പര്യത്തിന്റെ പേരിൽ ചട്ടങ്ങൾ ഉടൻ പുറപ്പെടുവിക്കേണ്ട സംഗതിയിൽ ചട്ടങ്ങൾ പ്രസിദ്ധീകരിച്ച ശേഷം അത് പുറപ്പെടുവിക്കാനുണ്ടായ കാരണങ്ങൾ സഹിതം സബ്ജക്റ്റ് കമ്മിറ്റിക്ക് മുമ്പാകെ വയ്ക്കേണ്ടതാണ്. |
| (ബി) | മുഖ്യമന്ത്രിയുടെ ജനസമ്പർക്ക പരിപാടിയിലൂടെ ലഭിച്ച പരാതികളിൽ നിലവിലുള്ള നിയമങ്ങളുടെയും ചട്ടങ്ങളുടെയും അപാകത കൊണ്ട് നടപ്പിലാക്കാൻ കഴിയാത്തവ എന്ന് തിരിച്ചറിഞ്ഞവ എത്രയാണ്; വ്യക്തമാക്കാമോ ; | (ബി)യും (സി)യും<br>മുഖ്യമന്ത്രിയുടെ ജനസമ്പർക്ക പരിപാടിയിലൂടെ ലഭിച്ച പരാതികളുടെ അടിസ്ഥാനത്തിൽ നിലവിലുള്ള ചട്ടങ്ങളിലെയും ഉത്തരവുകളിലെയും അപാകതകൾ തിരിച്ചറിഞ്ഞ് ആയവ ഭേദഗതി ചെയ്ത് 45 സർക്കാർ ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ട്. ഇതു സംബന്ധിച്ച് വിവര പൊതുജന സമ്പർക്ക വകുപ്പ് കൈപ്പുസ്തകം പുറത്തിറക്കിയിട്ടുണ്ട്. അതിന്റെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു. |
| (സി) | ഇങ്ങനെ തിരിച്ചറിഞ്ഞവ നടപ്പാക്കുന്നതിന് ഏതെങ്കിലും നിയമത്തിൽ നിയമസഭാ സബ്ജക്റ്റ് കമ്മിറ്റിയുടെ അംഗീകാരത്തോടെ ഭേദഗതി വരുത്തിയിട്ടുണ്ടോ; എങ്കിൽ ഏതൊക്കെ നിയമങ്ങളും ചട്ടങ്ങളും; വിശദമാക്കാമോ; | |
| (ഡി) | നിയമങ്ങളും ചട്ടങ്ങളും ഭേദഗതി ചെയ്യുന്നതിലൂടെ ജന സമ്പർക്ക പരിപാടിയിൽ ലഭിച്ച എത്ര പരാതികൾ പരിഹരിക്കാൻ കഴിഞ്ഞു; വ്യക്തമാക്കുമോ? | എണ്ണം കണക്കാക്കിയിട്ടില്ല. |

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.